പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 5797

09/07/2012-ൽ മറുപടി
നൽകേണ്ടത്

ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'Zero landless Kerala-2015' എന്ന പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് വേണ്ടി അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജ് ആഫീസുകൾ മുഖേന 09.03.12 ന് ആരംഭിച്ചിട്ടുള്ളതും ആയത് 18.07.2012 ന് അവസാനിക്കുന്നതുമാണ്. പൂരിപ്പിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസിൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി 15.08.2012 ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും ലാൻറ് അസൈൻമെൻറ് കമ്മിറ്റികളുടെ അംഗീകാരത്തിനു വിധേയമായി, 2015- ാം മാണ്ടോടുകൂടി ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി പതിച്ചു നൽകുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) സമയബന്ധിതമായി പട്ടയവിതരണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി പ്രാഥമിക അന്വേഷണം പൂർത്തിയാക്കി 15.08.2012 ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 2015 - ാം വർഷാന്ത്യത്തോടു കൂടി, മുഴുവൻ ഭൂരഹിതർക്കും ഭവനനിർമ്മാണത്തിന് അനുയോജ്യമായ 3 സെൻറ് ഭൂമി വീതം കണ്ടെത്തി നൽകുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ